The Contrarian Consultant

ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com



ടിനി ഫിലിപ്പ്

# ജനപ്രിയ സമീപനം ബിസിനസിനെ വളർത്തുമോ?

## ഇന്നത്തെ തീരുമാനങ്ങളാണ് നിങ്ങളുടെ ബിസിനസിന്റെ ഭാവി സൃഷ്ടിക്കുന്നത്

അടുത്തിടെ ഒരു സംരംഭകൻ എന്നോട് ചോദിച്ചു, ഇന്നത്തെ കടുത്ത സാമ്പത്തിക സാഹചര്യങ്ങളിൽ പല സംരംഭങ്ങളും നിലനിൽക്കാൻ തന്നെ പാടുപെടുമ്പോൾ ചിലതുമാത്രം വളർച്ച കൈവരിക്കുന്നത് എന്തുകൊണ്ടാണെന്ന്.

എന്റെ ഉത്തരം ലളിതമായിരുന്നു. ഒരു ബിസിനസിന്റെ ഇന്നത്തെ നില, ആ ബിസിനസ് നടത്തിക്കൊണ്ടുപോകുന്ന സംരംഭകൻ കഴിഞ്ഞ ഏതാനും വർഷങ്ങളായി എടുത്തിരുന്ന തീരുമാനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

ഈ പ്രമേയമാണ് ഈ ലേഖനത്തിന്റെ അടിസ്ഥാനം- തെരഞ്ഞെടുക്കുന്നതിന് അനുസരിച്ച് അഭിവൃദ്ധി! (Thriving By Choice!). ഈ ലേഖനം ദൈർഘ്യമേറിയതായതിനാൽ ഏതാനും ലക്കങ്ങളിലൂടെ ചെറു ലേഖനങ്ങളായി അവതരിപ്പിക്കാനാണ് ശ്രമം.

### സംരംഭകർ പിന്തുടരുന്ന സമീപനം

പൊതുവെ ബിസിനസിൽ രണ്ട് സമീപനങ്ങളാണ് സംരംഭകർ പിന്തുടരുന്നത്. 80 ശതമാനം സംരംഭകരും പിന്തുടരുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്ന ജനപ്രിയ സമീപനമാണ് (Popular Approach to Business) അതിലൊന്ന്.

മറ്റൊന്ന്, ഒരു ശതമാനം സംരംഭകർ മാത്രം സ്ഥിരമായി പിന്തുടരുന്ന വ്യത്യസ്ത കാഴ്ച്ചപ്പാടോടെയുള്ള സമീപനം (Contrarian Approach to Business). ബാക്കിവരുന്ന 19 ശതമാനം സംരംഭകർ ഈ രണ്ട് സമീപനങ്ങളുടെയും ഇടയിൽ ചാഞ്ചാടിക്കൊണ്ടിരിക്കുന്നു. സമ്പദ്വ്യവസ്ഥ നന്നായിരിക്കുമ്പോൾ ജനപ്രിയ സമീപനം സ്വീകരിക്കുകയും സമ്പദ്വ്യവസ്ഥ മോശമാകുമ്പോൾ വ്യത്യസ്ത കാഴ്ച്ചപ്പാടിലുള്ള സമീപനത്തിലേക്ക് മാറുകയും ചെയ്യുന്നു.

സാമാന്യ സമീപനം പിന്തുടരുന്ന സംരംഭകരുടെ തെരഞ്ഞെടുപ്പുകൾ മിക്ക കേസുകളിലും വ്യത്യസ്ത കാഴ്ച്ചപ്പാടോടെയുള്ള സമീപനം പിന്തുടരുന്ന സംരംഭകരുടേതിൽ നിന്ന് തികച്ചും വ്യത്യസ്തമായിരിക്കും. ഉദാഹരണത്തിന്, ജനപ്രിയ സമീപനം പിന്തുടരുന്നവർ വായ്പ എടുക്കുന്നത് നല്ലതാണെന്ന് വിശ്വസിക്കുന്നു. സത്യത്തിൽ കൂടുതൽ വായ്പ എടുക്കുന്നതിലൂടെ സംരംഭത്തെ കൂടുതൽ വിജയത്തിലെത്തിക്കാൻ പ്രാപ്തമാക്കാമെന്ന് അവർ കരുതുന്നു.

മറുവശത്ത്, വ്യത്യസ്ത കാഴ്ച്ചപ്പാടോടെയുള്ള സമീപനം പിന്തുടരുന്നവരാകട്ടെ വായ്പ എടുക്കാതെ തന്നെ വളരാമെന്ന് കരുതുന്നവരാണ്.

ജനപ്രിയ സമീപനത്തെ പിന്തുണയ്ക്കാൻ നിരവധി പേരുണ്ട്. മിക്ക മാനേജ്മെന്റ് കൺസൾട്ടന്റുമാരും പരിശീലകരും മാനേജ്മെന്റ് പ്രൊഫഷണലുകളും മാനേജ്മെന്റ് തിയറികളും ഇതു സംബന്ധിച്ച ലേഖനങ്ങളുമെല്ലാം ഇതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെയാണ് ഇത് ജനപ്രിയമായതും.

നേരെ മറിച്ച്, വ്യത്യസ്ത കാഴ്ച്ചപ്പാടോടെയുള്ള സമീപനത്തെ പ്രോത്സാഹിപ്പിക്കുന്നവരുടെ എണ്ണം കുറവാണ്.

ഇനി, ഇന്നത്തെ യാഥാർത്ഥ്യം എന്താണെന്ന് പരിശോധിക്കാം. ചിത്രം ഒന്നിൽ കാണുന്നതു പോലെ, കഴിഞ്ഞ 22 വർഷമായി ലോകത്തെ പിടിച്ചുകുലുക്കുന്ന സംഭവങ്ങളുടെ ആവൃത്തി ഗണ്യമായി വർധിച്ചു. നിർഭാഗ്യവശാൽ ലോകത്തെ പിടിച്ചുകുലുക്കുന്ന മിക്കതും മോശം സംഭവങ്ങളാണ്.




**ചിത്രം-1 ലോകത്തെ ഞെട്ടിച്ച സംഭവങ്ങൾ**

കേരളത്തിലെ സംഭവങ്ങൾ പരിശോധിച്ചാൽ, ചിത്രം രണ്ടിൽ കാണുന്നത് പോലെ 2015ന് ശേഷം കേരളത്തെ പിടിച്ചുകുലുക്കുന്ന സംഭവങ്ങൾ ഓരോ വർഷവും നടക്കുന്നു. നിർഭാഗ്യവശാൽ അവയൊക്കെയും മോശം സംഭവങ്ങളാണ്.

**ചിത്രം-2 കേരളത്തെ ഞെട്ടിച്ച സംഭവങ്ങൾ**




അപ്പോൾ ഭാവിയെ സംബന്ധിച്ച് എന്ത് സൂചനകളാണ് ഇവ നൽകുന്നത്? ചിത്രം മൂന്നിൽ നോക്കുമ്പോൾ ഭാവിയിൽ നല്ലതും മോശവുമായ കാര്യങ്ങൾ സംഭവിക്കാം. ഭാവി അപ്രവചനീയമാണ്. അതേസമയം ഭാവിയിൽ അഭിവൃദ്ധി പ്രാപിക്കണമെന്ന് ഓരോരുത്തരും ആഗ്രഹിക്കുകയും ചെയ്യുന്നു.

**ചിത്രം-3 നമുക്ക് ഭാവി പ്രവചിക്കാൻ കഴിയില്ല, പക്ഷേ അത് സൃഷ്ടിക്കാൻ കഴിയും**




അതിനർത്ഥം നല്ലതും മോശവുമായ സമയങ്ങളിൽ അഭിവൃദ്ധി പ്രാപിക്കുന്നതായിരിക്കണം നമ്മുടെ ബിസിനസ് മോഡൽ എന്നാണ്. നമ്മുടെ തെരഞ്ഞെടുപ്പിനനുസരിച്ചാണ് ബിസിനസ് മോഡൽ നിർവചിക്കപ്പെട്ടിരിക്കുന്നത് എന്നതിനാൽ ഭാവിയിൽ അഭിവൃദ്ധി പ്രാപിക്കാൻ ബിസിനസിൽ ശരിയായ തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതുണ്ട്- Thriving By Choice! ■

